# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3565

30 01 2014 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവത്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) എക്സൈസ് വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും, ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ ഭാഗമായി, 2013-2014 സാമ്പത്തിക വർഷം, വകുപ്പിനായി 96 കമ്പ്യൂട്ടറുകളും, 96 U.P.S-കളും 34,08,000/- രൂപ ചെലവഴിച്ച് വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>എക്സൈസ് വകുപ്പിലേയ്ക്കുള്ള വിവിധതരം റവന്യൂ വരുമാനം മുതൽകൂട്ടുന്ന രീതി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടു വന്നതിന്റെ ഭാഗമായി, ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. കൂടാതെ, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ്വർക്ക് സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | ബി) എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റുകൾ ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും, ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും, സർക്കാർ ഇ-മെയിൽ ഐ.ഡി.-യും നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി, എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെട്ടു വരുന്നു. |

| | |
|---|---|
| സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർ-വത്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) എക്സൈസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും, ഇ.സി.ആർ.ബി. സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വകുപ്പിൽ 5.20 ലക്ഷം രൂപ ചെലവിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. കൂടാതെ, എൻ.ഐ.സി.-യുടെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തുന്നതിനായി, ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന ഇരുപത്തി രണ്ടോളം സർവ്വീസുകൾ കണ്ടെത്തി, എട്ടോളം സർവ്വീസുകളുടെ സർവ്വീസ് ഡിസൈനർ ഗൈഡ് പൂരിപ്പിച്ച് എൻ.ഐ.സി, ഡൽഹി-യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ